LIBRARY ARCHIVES Kerala Legislative Assembly

വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

21 [35] *ശ്രീ. എ. കെ. മണി:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറാകുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഉദ്യോഗാർത്ഥികളിൽനിന്ന് വമ്പിച്ച കോഴ ആവശ്യപ്പെടുന്നു എന്ന് പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) സ്ഥിരം വേക്കൻസി ഉണ്ടാകുന്ന തീയതിയിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് നൽകിയില്ലായെങ്കിൽപ്പോലും വേക്കൻസി ഉളവായ തീയതിയിൽ നിലവിലിരിക്കുന്ന ലിസ്റ്റിൽനിന്നുതന്നെ നിയമനം നടത്തണം എന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു വ്യവസ്ഥ ഉണ്ടാക്കുവാൻ നടപടി എടുക്കുകയും വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിന് കോഴ വാങ്ങുന്ന സമ്പ്രദായം നിർത്തലാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഇല്ല.

(സി) & (ഡി) മൂന്നുമാസത്തിലധികം ഒഴിവ് വന്നേക്കാവുന്ന തസ്തികകളെ സംബന്ധിച്ച വിവരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നുള്ള സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി

22 [39] *ശ്രീ. കെ. കെ. ഷാജു:*

" *എ. എൻ. രാജൻ ബാബു:*

" *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ;